I/46312/2023

**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

**നം: ഡിഇഎസ്/4952/2023/ജി** **തീയതി: 24-11-2023**

---

**ഓഫീസ് ഉത്തരവ്**

വിഷയം :- ഡിഇഎസ്--ജനറൽ -ട്രെയിനിംഗ് വിഭാഗം -പുന:ക്രമീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന :-

ഡയറക്ടറേറ്റിൽ നിലവിൽ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി (എസ്.ടി.പി.)യുടെ ഭാഗമായി ഐ.എം.ജി.യുമായി ചേർന്ന് നടത്തുന്ന പരിശീലന പരിപാടികളുടെ ചുമതല മാത്രമാണ് ട്രെയിനിംഗ് വിഭാഗത്തിനുള്ളത്. എന്നാൽ ഡയറക്ടറേറ്റിൽ നടത്തപ്പെടുന്ന എല്ലാ പരിശീലന പരിപാടികളുടേയും ഏകോപനവും, ദേശീയതലത്തിൽ നടത്തപ്പെടുന്ന പരിശീലനങ്ങളുടെ വകുപ്പ്തല ചുമതലയും കൂടി ഈ വിഭാഗം ചെയ്യേണ്ടതുണ്ട്. ആയതിനാൽ പി.പി.സി ഡിവിഷന്റെ ഭാഗമായി ഇതിനെ നിലനിർത്തിക്കൊണ്ട് താഴെപ്പറയുന്ന രീതിയിൽ ട്രെയിനിംഗ് വിഭാഗം പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ചുമതല | പേര് | തസ്തിക |
|---|---|---|---|
| 1 | ട്രെയിനിംഗ് അസിസ്റ്റന്റ് | ശ്രീ. ബ്രിജേഷ്. സി.ജെ. | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1, പി.പി.സി ഡിവിഷൻ |
| 2 | അസിസ്റ്റന്റ് ട്രെയിനിംഗ് മാനേജർ | ശ്രീ. ഷിബു. ബി.റ്റി. | റിസർച്ച് അസിസ്റ്റന്റ്, പി.പി.സി ഡിവിഷൻ |
| 3 | ട്രെയിനിംഗ് മാനേജർ | ശ്രീ. ഷിബു കുമാർ. ഡി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ ഡിവിഷൻ |

ട്രെയിനിംഗ് മാനേജർക്ക് സ്വതന്ത്ര ചുമതല ഉണ്ടായിരിക്കുന്നതാണ്. എന്നിരുന്നാലും ട്രെയിനിംഗ് വിഭാഗത്തിന്റെ മൊത്തം മേൽനോട്ടച്ചുമതല അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ് ഇൻകം) ൽ നിക്ഷിപ്തമായിരിക്കും.

നിലവിൽ ട്രെയിനിംഗ് ഹാളിന്റെ ചുമതല ജീവനക്കാര്യ വിഭാഗം സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ശ്രീ. ശശീന്ദ്രൻ. എസ്. ന് ആണ്. ട്രെയിനിംഗ് വിഭാഗം പുന:ക്രമീകരിച്ച സാഹചര്യത്തിൽ ട്രെയിനിംഗ് ഹാളിന്റെ ചുമതല ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ട്രെയിനിംഗ് മാനേജർക്ക് നൽകികൊണ്ട് ഉത്തരവാകുന്നു. ട്രെയിനിംഗ് ഹാളിന്റെ താക്കോൽ ശ്രീ.

I/46312/2023

ശശീന്ദ്രൻ. എസ്, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ അടിയന്തരമായി അസിസ്റ്റന്റ് ട്രെയിനിംഗ് മാനേജർക്ക് കൈമാറേണ്ടതാണ്.

ട്രെയിനിംഗ് ഹാൾ നിലവിൽ ശരിയായ വിധത്തിൽ പരിപാലിക്കപ്പെടുന്നില്ലാത്തതിനാലും, ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാലും മേലിൽ ട്രെയിനിംഗ് ഹാൾ ഉപയോഗിക്കുന്നത് ട്രെയിനിംഗ് മാനേജരുടെ അറിവോ, പൂർണ്ണസമ്മതമോ ഇല്ലാതെ ചെയ്യാൻ പാടില്ലാത്തതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ് ഇൻകം) ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

Signed by
Sreekumar B
Date: 24-11-2023 08:27:15
DIRECTOR

ശ്രീ. ഷിബു കുമാർ. ഡി.എസ്.,ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ ഡിവിഷൻ,
ശ്രീ. ശശീന്ദ്രൻ എസ്,സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, ജീവനക്കാര്യ വിഭാഗം
ശ്രീ. ശ്രീ. ഷിബു. ബി.റ്റി., റിസർച്ച് അസിസ്റ്റന്റ്, പി.പി.സി ഡിവിഷൻ
ശ്രീ. ബ്രിജേഷ്. സി.ജെ., സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1, പി.പി.സി ഡിവിഷൻ.

പകർപ്പ് : - ഡയറക്ടറുടെ സി. എ.
എല്ലാ അഡിഷണൽ ഡയറക്ടർമാരുടേയും സി. എ.മാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി. എ.
എല്ലാ സെക്ഷൻ/ഡിവിഷൻ മേധാവികൾക്കും
ട്രെയിനിങ് വിഭാഗം